**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5305** **15-03-2023 - ൽ മറുപടിയ്ക്ക്**

**നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതും, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതിനു 2022 -23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സമഗ്രമായ നാളികേര പുനരുദ്ധാരണ - പുനഃനടീൽ പരിപാടികൾ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിയിലെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**a) കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ :** 2022-23 വർഷത്തിൽ, ഒന്നാം വർഷം 100 ഹെ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിനു 25.67 ലക്ഷം രൂപ. ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 100 കേരഗ്രാമങ്ങൾക്കായി 2567 .0 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**b) കേര രക്ഷ വാരം:** |

തെങ്ങിൻ്റെ വിളവ് കൂട്ടുന്നതിൻ്റെ ഭാഗമായി മണ്ണിൻ്റെ വളക്കൂർ വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡയിഞ്ച, ചണമ്പ്) Rs. 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വെച്ച് പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. മണ്ട വൃത്തിയാക്കൽ, തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം 433 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**c) കേരഗ്രാമം രണ്ടാം വർഷം :**

2022-23 വർഷത്തിൽ, 84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷം ധനസഹായം നൽകുന്നു.

i) തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം (19.75 ലക്ഷം)

ii) പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം)

iii) കൃഷി ഭവനുകളുടെ പ്രവർത്തന ചെലവ് (0.0500 ലക്ഷം)

സംസ്ഥാന പ്ലാൻ വിഹിതം രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് 1680 ലക്ഷം രൂപ.

**d) കേരഗ്രാമം മൂന്നാം വർഷം:**

2022-23 വർഷത്തിൽ, 15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായം നൽകുന്നു.

തെങ്ങിൻ തോപ്പുകളുടെ വളമിടീൽ-ജൈവവളം/ രാസവളം (6.00ലക്ഷം/കേരഗ്രാമം). സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷം രൂപ.

**e) നാളികേര വികസന കൗൺസിലിൻ്റെ ഭാഗമായി നല്ല ഇനം തെങ്ങിൻതൈകളുടെവിതരണം:**

തെങ്ങിൻ്റെ വിസ്തൃതി വ്യാപനം ലക്ഷ്യമിട്ടു 10വർഷത്തെ കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ, മുന്തിയ ഇനം തെങ്ങിൻ തൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ സെൻ്ററുകൾ, ആറളം ഫാർമിംഗ് കോർപറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന

| | | | |
|---|---|---|---|
| | | | തെങ്ങിൻതൈകൾ ആണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 12,63,567 എണ്ണം തെങ്ങിൻ തൈകൾ ആണ് വിതരണം ചെയ്തിട്ടുള്ളത്. സംസ്ഥാന പ്ലാൻ വിഹിതമായി 820.3191 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ